**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 452** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആന്റണി ജോൺ

ശ്രീ. ആന്റണി ജോൺ

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കിഫ്ബി പദ്ധതിയായി നടപ്പാക്കുന്ന തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

**<u>മറുപടി:</u>** 01/11/2016-ലെ G.O (Rt) No.1502/2016/PWD ഉത്തരവ് പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട് – തങ്കളം നാലുവരിപ്പാതയുടെ Ch.0/000 മുതൽ 27/324 വരെയുള്ള ഭാഗം KRFB മുഖേന നിർവഹിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ചെറുവട്ടൂർ മുതൽ തങ്കളം (Ch. 20/000 – 27/234) വരെയുള്ള 7.234 കിമി നീളമുള്ള ഭാഗത്തിന് 255 കോടി രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും 10/08/2020-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ 04/06/2021-ലെ സാങ്കേതിക അവലോകന റിപ്പോർട്ട് പ്രകാരം Ch.0/000 മുതൽ 27/324 വരെ മുഴുവൻ സ്ട്രെച്ച് ഉൾപ്പെടുത്തി സമഗ്രമായ ഡി.പി.ആർ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു.

പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം സമർപ്പിച്ച അലൈൻമെന്റിൽ IRC മാനദണ്ഡത്തിലെ പരമാവധി ഗ്രേഡിയന്റ് 8 ശതമാനത്തിന് മുകളിൽ വരുന്ന ഭാഗങ്ങൾ കണ്ടെത്തപ്പെട്ടതിനാൽ, അതനുസരിച്ചുള്ള ഡിസൈൻ പ്രായോഗികമല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കിഫ്ബി ഉദ്യോഗസ്ഥർ 12/05/2023-ന് സ്ഥലപരിശോധന നടത്തി, നിലവിലെ അലൈൻമെന്റ് പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും, 01/06/2023-ലെ കത്ത് മുഖേന ബദൽ അലൈൻമെന്റ് പഠനം നടത്താൻ KRFB-ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതനുസരിച്ച് KRFB കിഫ്ബി TRC വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ പഠനം നടത്തി.

തുടർന്ന് 24/05/2024-ലെ യോഗത്തിൽ, തങ്കളം-കാക്കനാട് റോഡും മൂവാറ്റുപുഴ-കാക്കനാട് റോഡും സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നു. സ്ഥലപരിശോധനകൾക്ക് ശേഷം, തങ്കളം മുതൽ വീട്ടൂർ വരെ കയറ്റിറക്കങ്ങൾ കുറവുള്ള പുതിയ അലൈൻമെന്റ് കണ്ടെത്തുകയും ചെയ്തു.

പുതിയ അലൈൻമെന്റ് മേലേ പീടിക-ചെറുവട്ടൂർ-പള്ളിച്ചിറങ്ങര വഴി വീട്ടൂർ വരെ 11.816 കി.മീ നീളത്തിലാണ്. വീട്ടൂർ മുതൽ കിഴക്കമ്പലം വരെ ഭാഗം നിലവിലെ റോഡ് വീതി കൂട്ടി 15 മീ. RoW ആയി നവീകരിക്കാനാണ് പദ്ധതി. കിഴക്കമ്പലം – കാക്കനാട് ഭാഗത്തെ പഠനം പ്രാഥമിക ഘട്ടത്തിലാണ്. KRFB കിഫ്ബിക്ക് നൽകിയ റിപ്പോർട്ടിൽ വീട്ടൂർ – കിഴക്കമ്പലം ഭാഗത്ത് ചെറിയ കുന്നുകളും പാടങ്ങളും ഉൾപ്പെട്ടതിനാൽ ആവശ്യമായ പാർശ്വസംരക്ഷണ ക്രമീകരണങ്ങൾ

ഉൾപ്പെടുത്തി ഡിസൈൻ ചെയ്താൽ അലൈൻമെന്റ് ഫീസിബിൾ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ, കോതമംഗലം – വീട്ടൂർ ഭാഗത്തെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തിയുമായി മുന്നോട്ട് പോകാമെന്നും, മതിയായ പാർശ്വസംരക്ഷണങ്ങൾ 15 മീറ്ററിനുള്ളിൽ ഉൾപ്പെടുത്താമെന്ന് KRFB-ക്ക് ബോധ്യമുള്ള പക്ഷം ഭൂമിയേറ്റെടുക്കൽ പ്രൊപ്പോസൽ സമർപ്പിക്കാമെന്നുമാണ് കിഫ്ബിയുടെ നിർദ്ദേശം. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി കിഫ്ബിക്ക് പ്രൊപ്പോസൽ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

പരിഷ്കരിച്ച ഡി.പി.ആർ/ ഭൂമിയേറ്റെടുക്കൽ പ്രൊപ്പോസൽ ലഭിച്ചതിനു ശേഷം, കിഫ്ബി അവലോകനം നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം നേടി ധനാനുമതി നൽകുന്നതാണ്. ധനാനുമതി ലഭിച്ചതിനു ശേഷം KRFB-ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

മൂവാറ്റുപുഴ – കിഴക്കമ്പലം ഭാഗം മറ്റൊരു കിഫ്ബി പദ്ധതിയായ മൂവാറ്റുപുഴ–കാക്കനാട് റോഡിൽ ഉൾപ്പെട്ടതാണ്. ഈ DPR-ൽ വീട്ടൂർ–കിഴക്കമ്പലം ഭാഗം 15 മീ. RoW ആയി പരിഷ്കരിച്ച് സമർപ്പിക്കണമെന്ന് കിഫ്ബി KRFB-യോട് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ തങ്കളം – കാക്കനാട് റോഡ് എല്ലായിടത്തും നാലുവരിപ്പാതയായി തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി കിഫ്ബി ഒരു അവലോകന യോഗം നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത വിലയിരുത്തുന്നതിനായി വാഹനസാന്ദ്രത പരിശോധിക്കുന്നതിന് കിഫ്ബി TRC-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വാഹന സാന്ദ്രതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത സംബന്ധിച്ച് തീരുമാനം എടുത്ത ശേഷം ആവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്. ഇപ്രകാരം പരിഷ്കരിച്ച ഡി.പി.ആർ നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**(ബി)** തടസ്സങ്ങൾ നീക്കി പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** 01/11/2016-ലെ G.O (Rt) No.1502/2016/PWD ഉത്തരവു പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 30 കോടി രൂപ തത്വത്തിൽ ഭരണാനുമതി ലഭിച്ച കാക്കനാട് – തങ്കളം നാലുവരിപ്പാതയുടെ Ch.0/000 മുതൽ 27/324 വരെയുള്ള ഭാഗം KRFB മുഖേന നിർവഹിക്കാൻ ഉത്തരവായിട്ടുള്ളതാണ്. ചെറുവട്ടൂർ മുതൽ തങ്കളം (Ch. 20/000 – 27/234) വരെയുള്ള 7.234 കിമി നീളമുള്ള ഭാഗത്തിന് 255 കോടി രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും 10/08/2020-ന് കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബിയുടെ 04/06/2021-ലെ സാങ്കേതിക അവലോകന റിപ്പോർട്ട് പ്രകാരം Ch.0/000 മുതൽ 27/324 വരെ മുഴുവൻ സ്ട്രെച്ച് ഉൾപ്പെടുത്തി സമഗ്രമായ ഡി.പി.ആർ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു.

പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗം സമർപ്പിച്ച അലൈൻമെന്റിൽ IRC മാനദണ്ഡത്തിലെ പരമാവധി ഗ്രേഡിയന്റ് 8 ശതമാനത്തിന് മുകളിൽ വരുന്ന ഭാഗങ്ങൾ

കണ്ടെത്തപ്പെട്ടതിനാൽ, അതനുസരിച്ചുള്ള ഡിസൈൻ പ്രായോഗികമല്ലെന്ന് റിപ്പോർട്ട് ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ കിഫ്ബി ഉദ്യോഗസ്ഥർ 12/05/2023-ന് സ്ഥലപരിശോധന നടത്തി, നിലവിലെ അലൈൻമെന്റ് പ്രായോഗികമല്ലെന്ന് കണ്ടെത്തുകയും, 01/06/2023-ലെ കത്ത് മുഖേന ബദൽ അലൈൻമെന്റ് പഠനം നടത്താൻ KRFB-ക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ഇതനുസരിച്ച് KRFB കിഫ്ബി TRC വിഭാഗത്തിന്റെ സാങ്കേതിക സഹായത്തോടെ പഠനം നടത്തി.

തുടർന്ന് 24/05/2024-ലെ യോഗത്തിൽ, തങ്കളം–കാക്കനാട് റോഡും മൂവാറ്റുപുഴ–കാക്കനാട് റോഡും സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള സാധ്യത പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നു. സ്ഥലപരിശോധനകൾക്ക് ശേഷം, തങ്കളം മുതൽ വീട്ടൂർ വരെ കയറ്റിറക്കങ്ങൾ കുറവുള്ള പുതിയ അലൈൻമെന്റ് കണ്ടെത്തുകയും ചെയ്തു.

പുതിയ അലൈൻമെന്റ് മേലേ പീടിക–ചെറുവട്ടൂർ–പള്ളിച്ചിറങ്ങര വഴി വീട്ടൂർ വരെ 11.816 കി.മീ നീളത്തിലാണ്. വീട്ടൂർ മുതൽ കിഴക്കമ്പലം വരെ ഭാഗം നിലവിലെ റോഡ് വീതി കൂട്ടി 15 മീ. RoW ആയി നവീകരിക്കാനാണ് പദ്ധതി. കിഴക്കമ്പലം – കാക്കനാട് ഭാഗത്തെ പഠനം പ്രാഥമിക ഘട്ടത്തിലാണ്. KRFB കിഫ്ബിക്ക് നൽകിയ റിപ്പോർട്ടിൽ വീട്ടൂർ – കിഴക്കമ്പലം ഭാഗത്ത് ചെറിയ കുന്നുകളും പാടങ്ങളും ഉൾപ്പെട്ടതിനാൽ ആവശ്യമായ പാർശ്വസംരക്ഷണ ക്രമീകരണങ്ങൾ ഉൾപ്പെടുത്തി ഡിസൈൻ ചെയ്താൽ അലൈൻമെന്റ് ഫീസിബിൾ ആണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ, കോതമംഗലം – വീട്ടൂർ ഭാഗത്തെ ഡി.പി.ആർ തയ്യാറാക്കുന്ന പ്രവൃത്തിയുമായി മുന്നോട്ട് പോകാമെന്നും, മതിയായ പാർശ്വസംരക്ഷണങ്ങൾ 15 മീറ്ററിനുള്ളിൽ ഉൾപ്പെടുത്താമെന്ന് KRFB-ക്ക് ബോധ്യമുള്ള പക്ഷം ഭൂമിയേറ്റെടുക്കൽ പ്രൊപ്പോസൽ സമർപ്പിക്കാമെന്നുമാണ് കിഫ്ബിയുടെ നിർദ്ദേശം. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഏജൻസി കിഫ്ബിക്ക് പ്രൊപ്പോസൽ ഒന്നും തന്നെ സമർപ്പിച്ചിട്ടില്ല.

പരിഷ്കരിച്ച ഡി.പി.ആർ/ ഭൂമിയേറ്റെടുക്കൽ പ്രൊപ്പോസൽ ലഭിച്ചതിനു ശേഷം, കിഫ്ബി അവലോകനം നടത്തി മാനദണ്ഡങ്ങൾ പാലിക്കുന്നുവെന്ന് ഉറപ്പാക്കി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം നേടി ധനാനുമതി നൽകുന്നതാണ്. ധനാനുമതി ലഭിച്ചതിനു ശേഷം KRFB-ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

മൂവാറ്റുപുഴ – കിഴക്കമ്പലം ഭാഗം മറ്റൊരു കിഫ്ബി പദ്ധതിയായ മൂവാറ്റുപുഴ–കാക്കനാട് റോഡിൽ ഉൾപ്പെട്ടതാണ്. ഈ DPR-ൽ വീട്ടൂർ–കിഴക്കമ്പലം ഭാഗം 15 മീ. RoW ആയി പരിഷ്കരിച്ച് സമർപ്പിക്കണമെന്ന് കിഫ്ബി KRFB-യോട് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ തങ്കളം – കാക്കനാട് റോഡ് എല്ലായിടത്തും നാലുവരിപ്പാതയായി തന്നെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. എം.എൽ.എ കിഫ്ബിക്ക് കത്ത് നൽകിയിരുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി കിഫ്ബി ഒരു അവലോകന യോഗം നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത യോഗത്തിൽ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത വിലയിരുത്തുന്നതിനായി വാഹനസാന്ദ്രത പരിശോധിക്കുന്നതിന് കിഫ്ബി TRC-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

വാഹന സാന്ദ്രതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ വീട്ടൂർ മുതൽ കിഴക്കമ്പലം വരെയുള്ള ഭാഗത്ത് നാലുവരിപ്പാതയുടെ ആവശ്യകത സംബന്ധിച്ച് തീരുമാനം എടുത്ത ശേഷം ആവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്. ഇപ്രകാരം പരിഷ്കരിച്ച ഡി.പി.ആർ നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**